ഉത്തരം

(എ&ബി) കാങ്കോൽ-ചീമേനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) കോഴിക്കോട് ഉത്തരമേഖല ഓഫീസിൽ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

നെടുമങ്ങാട്-ഷോർളക്കോട് റോഡിന്റെ നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ

269(3194) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാറശ്ശാല മണ്ഡലത്തിലെ നെടുമങ്ങാട് ഷോർളക്കോട് റോഡിന്റെ നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

നെടുമങ്ങാട്-ഷോർളക്കോട് റോഡ് സി.ആർ.എഫ്. (CRF) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിൽ കള്ളിക്കാട് മുതൽ ആടുവള്ളി വരെയുള്ള ഭാഗത്ത് കാളിപ്പാറ പദ്ധതിക്കുവേണ്ടി കേരളാ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇട്ട ട്രെഞ്ചിന്റെറെസ്റ്റോറേഷൻ വർക്ക് ചെയ്തതിനുശേഷമാണ് ബി.എം. & ബി.സി. വർക്ക് ചെയ്തിട്ടുള്ളത്. പ്രസ്തുത ടാറിംഗ് പണികൾ പൂർത്തിയായശേഷം വിവിധ ഭാഗങ്ങളിലായി കേരളാ വാട്ടർ അതോറിറ്റിയുടെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനിൽ ചോർച്ചയുണ്ടായത് മൂലമാണ് റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത ട്രഞ്ച് ചെയ്ത ഭാഗം കൂടാതെ മറ്റൊരു സ്ഥലത്തും റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ടി ഭാഗത്ത് റോഡിനോട് ചേർന്നുള്ള ഉയർന്ന ഭൂമിയിൽ നിന്നും ശക്തമായ മഴമൂലം കല്ലും, മണ്ണും ശക്തിയായി ഒഴുകി വന്നതിനാലാണ് ഈ ഭാഗത്തെ ബി.സി. ഇളകിപ്പോയിട്ടുള്ളത്. ഇപ്പോൾ ഇതു കൂടാതെ ട്രഞ്ചിന്റെ മറ്റു പല ഭാഗങ്ങളും കേരളാ വാട്ടർ അതോറിറ്റിയുടെ ഡിസ്ട്രിബ്യൂഷൻ ലൈനിൽ ചോർച്ച ഉണ്ടാകുന്നതുമൂലം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടി റോഡിന്റെ കേടുപാടുകൾ തീർക്കുന്നതിനായി ടെണ്ടറിംഗ് പണി ചെയ്ത കരാറുകാരനും, CRF ചെയ്ത കരാറുകാരനും നിർദ്ദേശം നൽകിയതനുസരിച്ച് BUSG (Built Up Spray Grout) ചെയ്ത് ലെവൽ ചെയ്തിട്ടുണ്ട്. മഴ തുടർന്ന് നിൽക്കുന്നതിനാൽ റിപ്പയർപണികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മഴ മാറിയതിന് ശേഷം മാത്രമേ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly